13085
14/6/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. യുടെ ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1706/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 24.05.2017

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.
(2) ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ.യുടെ 27.12.2016 -ലെ കത്ത്.
(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.04.2017 - ലെ ഡിബി5/1660/17/സിഇ/തസ്വഭവ(5) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ തന്റെ നിയോജക മണ്ഡലത്തിലെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകരാം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാസർഗോഡ് നിയോജക മണ്ഡലത്തിലെ 2016 - 17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശ്രീ. എൻ . എ . നെല്ലിക്കുന്ന് എം . എൽ . എ - യുടെ ശുപാർശ പ്രകാരം താഴെ പറയുന്ന 3 പ്രവൃത്തികൾക്ക് ആകെ അടങ്കൽ തുകയായ 75 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

(i) പ്രോജക്റ്റ് ഐ.ഡി. 2009 - ടാഗോർ കോളേജ് റോഡ് കോൺക്രീറ്റിംഗ് - 25 ലക്ഷം രൂപ.

(ii) പ്രോജക്റ്റ് ഐ.ഡി. 2008 - കൊറക്കോട് റഹമത്ത് മസ്ജിദ് ചീരുമ്പ ഭഗവതി അമ്പലം റോഡ് കോൺക്രീറ്റിംഗ് - 25 ലക്ഷം രൂപ.

(iii) പ്രോജക്റ്റ് ഐ.ഡി. 2010 - ബദിര ജുമാ മസ്ജിദ് പട്ടിലവളപ്പ് റോഡ് കോൺക്രീറ്റിംഗ് - 25 ലക്ഷം രൂപ

4. ആയതു സംബന്ധിച്ച ചെലവ് 4515-00-800-96- പ്രോജക്റ്റ്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ., കാസർഗോഡ് നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കാസർഗോഡ് മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (805/ എൻ.സി.സി 1/2017- ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.